പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 946 — 10.02.2016-ൽ മറുപടിക്ക്.

## സ്വകാര്യ നേഴ്സിംഗ് മേഖലയിലെ തൊഴിൽ സുരക്ഷിതത്വം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>,, വി.ഡി.സതീശൻ<br>,, വർക്കല കഹാർ<br>,, ടി.എൻ. പ്രതാപൻ | ശ്രീ.ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യ നേഴ്സിംഗ് മേഖലയിൽ തൊഴിൽ സുരക്ഷിതത്വത്തിന് എന്തെല്ലാം കർമ്മപദ്ധതികൾ നടപ്പാക്കിയിട്ടുണ്ട് എന്ന് അറിയിക്കാമോ ;<br><br>(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) & (ബി) സ്വകാര്യനേഴ്സിംഗ് മേഖലയിൽ തൊഴിൽ സുരക്ഷിതത്വത്തിന് മാത്രമായി പദ്ധതിയൊന്നും നടപ്പിലാക്കിയിട്ടില്ല. എന്നാൽ 1960–ലെ കേരള ഷോപ്പ്സ് & കമേഴ്സ്യൽ എ സ്റ്റാബ്ലിഷ്മെന്റ് ആക്ട് സ്വകാര്യ മേഖലയിലെ നേഴ്സിംഗ് മേഖല ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് ബാധകമാണ്. ഈ നിയമത്തിൽ ടി വിഭാഗം ജീവനക്കാർക്ക് ജോലിസമയം, അധികസമയ ജോലിക്കുള്ള അർഹമായ ഓവർടൈം വേതനം, ജോലിക്കിടയിലെ വിശ്രമസമയം, വിശ്രമ വേളകളിൽ ഇരിക്കാനുള്ള സൗകര്യം, ഹോസ്റ്റൽ സൗകര്യം, ആഴ്ച അവധി, മുലയൂട്ടുവാനുള്ള സൗകര്യങ്ങളോടു കൂടിയ ശിശുപരിപാലന കേന്ദ്രങ്ങൾ എന്നിവ ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ തൊഴിൽ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വേതന സുരക്ഷ പദ്ധതിയിൽ സ്വകാര്യ ആശുപത്രികളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് മുഖേന തൊഴിലാളികൾക്ക് ബാങ്ക് വഴി വേതനം ലഭിക്കുന്നതിനും നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർ |

മാർക്ക് 1948–ലെ മിനിമം വേതന നിയമ പ്രകാരവും 1936–ലെ വേതനം കൊടുക്കൽ നിയമ പ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം കൃത്യ സമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് ഓൺലൈനായിതന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും കഴിയും.

| | |
|---|---|
| (സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ? | (സി) വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി 1958–ലെ കേരള മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തികൊണ്ടുളള വിജ്ഞാപനം 08–07–15–ൽ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കെൽട്രോണുമായി സഹകരിച്ച് ഒരു സോഫ്റ്റ് വെയർ വികസിപ്പിക്കുകയും നാഷണലൈസ്ഡ് ഷെഡ്യൂൾഡ് ബാങ്കുകൾ സ്വകാര്യ തൊഴിലുടമാ പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തുകയും 18 ബാങ്കുകളുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതി നിലവിൽ തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ വിജയകരമായി നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ